[Sri. C. V. Iyyu]

വർകൾം പ്രസ്താവിച്ചതു് മി. അമ്പൂക്കനെ മാത്രം ഉദ്ദേശിച്ചാണോ, അതോ പൊതുവെ അദ്ധ്യാപകവൃന്ദത്തെ ഉദ്ദേശിച്ചാണോ എന്നും അങ്ങിനെയാണെങ്കിൽ അക്കൂട്ടത്തിൽ മി. മുണ്ടശ്ശേരിയും മി. സബാസ്റ്റ്യൻ തോപ്പിലും കൂടി ഉൾപ്പെട്ടമെന്നും അതുകൊണ്ടു് ഇതു സംബന്ധിച്ചു് ഒരു എക്സ്പ്ലനേഷൻ മന്ത്രി തരണമെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

Mr. Speaker: The member is not allowed to make a speech.

Sri. C. V. Iyyu: I want to make an explanation, and not a speech.

ശ്രീ. ഇട്ടീര അമ്പൂക്കൻ: എന്നെ സംബന്ധിച്ചു പറഞ്ഞ ഒരു കാര്യമായതുകൊണ്ടു് അതെന്നേമാത്രമേ ബാധിക്കുകയുള്ളൂ. മുമ്പു ഞാൻ അദ്ധ്യാപകപുഴുവായിരുന്നുവെന്നും ഇന്നു എം. എൽ. എ. ചിത്രശലഭമായിത്തീർന്നിരിക്കുന്നു എന്നു പറഞ്ഞതിൽ എനിക്കാക്ഷേപമില്ല. അങ്ങനെ അങ്ങോട്ടും പറയുമ്പോൾ അതും കേട്ടാൽമതി.

Mr. Speaker: Unless the member wants to make a personal explanation in regard to a particular matter, the member will not be allowed to speak.

Sri. Ittiera Ambooken: This is only a personal explanation.

Mr. Speaker: Yes. The member may proceed.

ശ്രീ. ഇട്ടീര അമ്പൂക്കൻ: വ്യക്തിപരമായാണു് എന്നെ ആക്ഷേപിച്ചതെങ്കിൽ എനിക്കതിൽ യാതൊന്നുംതന്നെയില്ല. ശ്രീമാൻ ഇയ്യു അവർകൾം ആവശ്യപ്പെട്ടതു് എനിക്കുവേണ്ടിയല്ല. പക്ഷെ ഞങ്ങൾം അങ്ങോട്ടും ഇതുപോലെ പറയുമ്പോൾം ഭൂരി ബഞ്ചിൽ ഇരിക്കുന്നവർ ഒരു Sportsman spirit ഓടുകൂടി അതും കേൾക്കണമെന്നേയുള്ളൂ.

മിസ്റ്റർ സ്പീക്കർ: മി. ഇയ്യു അവർകൾം പ്രസ്താവിച്ചതു്, ഇന്നലെ മന്ത്രി അവർകൾം പുഴുക്കൾം എന്നു പറഞ്ഞ അവസരത്തിൽ അദ്ദേഹം ഉണ്ടായിരുന്നില്ല എന്നും അതുകൊണ്ടു് അപ്രകാരം പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ അതിനൊരു എക്സ്പ്ലനേഷൻ വേണമെന്നുമാണു്. ഈ വിധത്തിൽ എക്സ്പ്ലനേഷൻ ആവശ്യപ്പെടുത്തക്കതല്ല.

ശ്രീ. സി. വി. ഇയ്യു: പുഴുകുസ്ത്യാനി എന്നു് ഈ സഭയിൽ ഉപയോഗിച്ചതു് പാർലിമെൻറിയാണോ?

മിസ്റ്റർ സ്പീക്കർ: പാർലിമെൻറിതന്നെ.

Committee on Petitions

മിസ്റ്റർ സ്പീക്കർ: നിയമസഭാ സ്റ്റാൻഡിംഗ് ഓർഡർ ൪൯ (൧)-ാംവകുപ്പനുസരിച്ചു് ഒരു ഹർജി കമ്മിറ്റിയെ നിയമിക്കേണ്ടതായിട്ടുണ്ടു് അതിലേക്കു താഴെ പറയുന്നവർ കമ്മിറ്റിയിലെ അംഗങ്ങളായിരിക്കുന്നതാണെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

൧. ശ്രീ. അലക്സാണ്ടർ പറമ്പിത്തറ
൨. ,, വി. മാധവൻ
൩. ,, പി. കെ. കുമാരനാചാരി
൪. സാഹിബ് ബഹദൂർ വി. മായൻകുട്ടി മേത്തർ
൫. ശ്രീ. എ. പി. നമ്പ്യാർ.

൬൫. മെമ്പർമാർക്കു് വിതരണം ചെയ്തിട്ടുള്ള റിവൈസ്ഡ് പ്രോഗ്രാം അനുസരിച്ചു സഭ മാർച്ചു് ൨൧-ാംതീയതിയും കൂടുന്നതാണല്ലൊ. മാർച്ചു് ൨൧-ാംനു-യും ൨൨-ാംനു-യും സഭ കൂടുന്നതല്ല. അതിനാൽ മാർച്ചു് ൨൧-ാംനു- ഉത്തരം പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

നോട്ടിസ് കൊടുത്തിട്ടുള്ള ചോദ്യങ്ങൾ മാർച്ച് 24-ാംനു ഉത്തരം പറയാനായി മാറ്റാവുന്നതാണു്. ഇതിനു് സഭയ്ക്കു സമ്മതമുള്ളപക്ഷം അന്നത്തെ പറയുന്നതിനു് ഏർപ്പാടു ചെയ്യുന്നതാണു്. അതിൽ സഭയ്ക്കു അഭിപ്രായവ്യത്യാസമില്ലെന്നു വിശ്വസിക്കുന്നു. മാർച്ച് ഒന്നാംതീയ്യതിക്കു വെച്ചിരിക്കുന്ന ചോദ്യങ്ങൾ മാർച്ച് 24-ാംനുക്കു മാറ്റിയിരിക്കുന്നു.

ശ്രീ എൻ. വി. ചാക്കൊ: മാർച്ച് 24-ാംനു ചോദ്യോത്തരങ്ങൾ ഇല്ലാത്തതിനു കാരണമെന്താണു്?

ശ്രീ. സി. വി. ഇയ്യു: ഒരു പായിൻറ് ഓഫ് ഇൻഫർമേഷൻ. കൊട്ടാരക്കര കോൺസ്റ്റിറ്റ്വൻസിയിൽ നിന്നുള്ള മെമ്പറുടെ പ്രാതിനിദ്ധ്യം ഇവിടെ ഇല്ലാതെയാണിരിക്കുന്നതു്. അയാളുടെ നിയമസഭാമെമ്പർസ്ഥാനത്തിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നുവെന്നും അയാളുടെ വേക്കൻസി എഴൈസ് (arise) ചെയ്തിട്ടുണ്ടെന്നും തോന്നുന്നു. അതേപ്പറ്റി ഒരു വിശദീകരണം നൽകിയാൽ കൊള്ളാമായിരുന്നു.

മിസ്റ്റർ സ്പീക്കർ: അതു സംബന്ധിച്ചു നിയമപരമായ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടു്. അവപത്തു ദിവസത്തിൽ കൂടുതൽ അദ്ദേഹം നിയമസഭയിൽ ഹാജരാകാതെ ഇരുന്നതുകൊണ്ടു് നിയമപരമായി അദ്ദേഹത്തിന്റെ സീറ്റ് വെക്കേറ്റ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നുള്ളതാണു് ആലോചിക്കേണ്ടതു്. അതേപ്പറ്റി ആലോചിച്ചു വരികയായിരുന്നു. മറ്റു പ്രവിശ്യകളിലെ നിയമസഭകളിലും സെൻട്രൽ നിയമസഭയിലും എങ്ങിനെയാണു് ഇതുസംബന്ധിച്ചുള്ള നടപടികൾ എന്നുള്ളതിനെ സംബന്ധിച്ചു അന്വേഷിച്ചും നിയമവിദഗ്ധന്മാരുമായി ആലോചന നടത്തിയും വേണ്ട തീരുമാനത്തിൽ എത്തിയിട്ടുണ്ടു്. അതു് ഈ സഭയെ അറിയിക്കുന്നതാണു്. ഇപ്പോൾ അദ്ദേഹത്തിന്റെ ഒരു അപേക്ഷ ഇവിടെ കിട്ടിയിട്ടുണ്ടു്. അതു ഈ അവപത്തു ദിവസം നിയമസഭയിൽ ഹാജരാകാതെ ഇരുന്നതിനെ സഭ മാപ്പു ചെയ്തു അദ്ദേഹത്തെ ഈ നിയമസഭയിൽ തുടരാൻ അനുവദിക്കണമെന്നാണു്. എന്നാൽ ഈ അപേക്ഷ കിട്ടിയതു് അവപത്തു ദിവസം കഴിഞ്ഞതിനുശേഷമാണു്. അങ്ങനെ ചെയ്യുന്നതു് നിയമപരമായി സാധുവാണോ എന്നുള്ളതിനെപ്പറ്റിയും നോക്കിക്കഴിഞ്ഞിട്ടുണ്ടു്. ഈ സംഗതിയും ഈ സഭയെ അറിയിക്കുന്നതും സഭയുടെ തീരുമാനമനുസരിച്ചു് വേണ്ടതു ചെയ്യുന്നതുമാണു്.

ശ്രീ. സി. വി. ഇയ്യു: തെരഞ്ഞെടുപ്പിനു ശേഷം ഈ സഭയിൽ അദ്ദേഹം വിശ്വാസപ്രതിജ്ഞ ചെയ്തിട്ടില്ല എന്നുള്ളതുകൂടി ഒന്നു ചിന്തിക്കേണ്ടതാണു്.

ശ്രീ. സി. സി. പ്രസാദ്: അദ്ദേഹം ഈ സഭയിൽ ഹാജരാകാതിരിക്കുന്നതു് അദ്ദേഹത്തിന്റെ മനപൂർവ്വമാണോ അതോ ഈ ഗവണ്മെൻറ നിമിത്തമാണോ എന്നുള്ളതുകൂടി ചിന്തിക്കേണ്ടതാണു്.

മിസ്റ്റർ സ്പീക്കർ: ഈ സംഗതി ഈ സഭയിൽ കൊണ്ടുവരുമ്പോൾ ആ കാര്യങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണു്.

ശ്രീ. സി. സി. പ്രസാദ്: അദ്ദേഹം ഈ സഭയിൽ ഹാജരാകാതിരിക്കുന്നതു് ഈ ഗവണ്മെൻറ മൂലമാണെന്നുള്ള സംഗതി ഈ സഭയെ അറിയിക്കാൻ താൻ ആഗ്രഹിക്കുന്നു.

The House adjourned for lunch at 12-30 p. m. and re-assembled at 2-30 p.m. with Mr. Speaker in the chair.

LIBRARY ARCHIVES Kerala Legislative Assembly